بسم الله الرحمن الرحيم

- വിശ്വാസികൾ പരീക്ഷണങ്ങൾക്ക് വിധേയരാവും.

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ وَبَشِّرِ الصَّابِرِينَ ﴿البقرة :١٥٥﴾

- തുടക്കക്കാർ അനുഭവിച്ച പീഡനങ്ങളും പ്രയാസങ്ങളും ഭീഷണികളും പരിഹാസങ്ങളും അവസാനകാലത്തുള്ളവർക്കും അനുഭവിക്കേണ്ടി വരും.

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : بَدَأَ الإِسْلاَمُ غَرِيبًا وَسَيَعُودُ كَمَا بَدَأَ غَرِيبًا فَطُوبَى لِلْغُرَبَاءِ

- അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഇസ്‌ലാം ആരംഭിച്ചത് തികച്ചും അപരിചിതമായ അവസ്ഥയിലാണ്. അതേ അവസ്ഥയിലേക്ക തന്നെ ഇസ്‌ലാം തിരിച്ച് പോകും. അപരിചിതർക്ക് മംഗളം. (മുസ്‌ലിം)
- വർത്തമാന കാലത്ത് ഇസ്ലാം പല രീതിയിൽ വിമർശിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.
- ഇതൊരു പരീക്ഷണമാണ്.
- എന്തു കൊണ്ട് ഇസ്ലാം വിമർശിക്കപ്പെടുന്നു എന്നത് നാം പഠിക്കണം.
- വിമർശകർ ഉന്നയിക്കുന്ന വിഷയങ്ങളിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ എന്നറിയണം

❖ **ഇസ്ലാമിനെ തകർക്കാൻ ആർക്കുമാവില്ല...**

- ഇത്ര മാത്രം വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടുമ്പോഴും ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ഇസ്ലാമിലേക്ക് ഒഴുകുന്ന കാഴ്ച്ചയാണ് നാം കാണുന്നത്.
- അതു തന്നെയാണ് ഇസ്ലാം വിമർശനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം.
- എല്ലാ തിന്മകളെയും എതിർക്കുന്ന ഇസ്ലാം വളർന്നു വന്നാൽ തിന്മകളുടെ പിൻബലം കൊണ്ട് കെട്ടിപ്പൊക്കിയ പലതും നശിക്കും.
- ഉദാഹരണം; പലിശ, സ്ത്രീയെ വിൽപ്പന ചരക്കാക്കുന്നത്, മദ്യം, മയക്കുമരുന്ന്. ഇതിനെയെല്ലാം ഇസ്ലാം ശക്തമായി എതിർക്കുന്നു.
- അതു തന്നെയാണ് ഇസ്ലാമിനെ പലരും എതിർക്കാൻ കാരണം.
- ഇസ്ലാമിനെ തെറ്റിദ്ധരിപ്പിക്കുന്ന ആളുകൾ നടത്തുന്ന ദുഷ്പ്രചരണങ്ങൾക്ക് നാം കൃത്യമായ മറുപടി നൽകണം.

- ഈ ദീനിനെ ലോകത്ത് നിന്ന് നിഷ്കാസനം ചെയ്യാൻ ആർക്കും കഴിയില്ല.
- കാരണം ഈ ദീൻ അല്ലാഹു അവതരിപ്പിച്ചത് മറ്റെല്ലാറ്റിനും മുകളിൽ വിജയക്കൊടി പാറിപ്പിക്കാൻ തന്നെയാണ്.

هُوَ الَّذِي أَرْسَلَ رَسُولَهُ بِالْهُدَىٰ وَدِينِ الْحَقِّ لِيُظْهِرَهُ عَلَى الدِّينِ كُلِّهِ ۚ وَكَفَىٰ بِاللَّهِ شَهِيدًا ﴿الفتح: ٢٨﴾

يُرِيدُونَ أَن يُطْفِئُوا نُورَ اللَّهِ بِأَفْوَاهِهِمْ وَيَأْبَى اللَّهُ إِلَّا أَن يُتِمَّ نُورَهُ وَلَوْ كَرِهَ الْكَافِرُونَ ﴿التوبة: ٣٢﴾

**നബി (സ്വ) പറഞ്ഞു;**

عن عائد بن عمرو المزني وعمر بن الخطاب ومعاذ بن جبل وابن عباس أَنَّهُ قال الْإِسْلَامُ يَعْلُو ولاَ يُعْلَى عَلَيْهِ

നബി ﷺ പറഞ്ഞു: ഇസ്ലാം ഉയർന്നു കൊണ്ടേയിരിക്കും. മറ്റൊന്നും അതിനെ മികച്ചു നിൽക്കുകയില്ല.

- ഇസ്ലാമിൽ നിന്നും ആരെങ്കിലും പോയി എന്നതു കൊണ്ട് ഇസ്ലാമിന് യാതൊരു കോട്ടവും സംഭവിക്കില്ല. ഒരാൾ ഇസ്ലമിലേക്ക് വന്നാൽ അതു കൊണ്ടും ഇസ്ലാമിന് യാതൊരു നേട്ടവുമില്ല.

## ❖ പ്രതാപമുള്ള മതം.

നമ്മുടെ മതം ഏറ്റവും ഇസ്സത്തുള്ള (പ്രതാപം) മതമാണ്.

ഇസ്ലാം മുന്നോട്ട് വെച്ച ഒരു ആശയത്തെയും ആർക്കും പ്രാമാണികമായോ വസ്തു നിഷ്ഠമായ എതിർക്കാൻ സാധിക്കില്ല. കാരണം ഇത് ദൈവീകമായ മതമാണ്.

الم ﴿١﴾ ذَٰلِكَ الْكِتَابُ لَا رَيْبَ فِيهِ هُدًى لِّلْمُتَّقِينَ ﴿٢﴾ (البقرة)

- ഇസ്ലാമിന്റെ ഏറ്റവും വലിയ നന്മ ഏകദൈവ വിശ്വാസമാണ്.
- ആ വിശ്വാസമാണ് ഒരാളെ മറ്റു മനുഷ്യരിൽ നിന്നും വ്യതിരക്തനാക്കുന്നത്.
- എല്ലാ തിന്മകളിൽ നിന്നും തടയുന്നതും എല്ലാ നന്മകളിലേക്ക് നയിക്കുന്നതും ഏക ദൈവ വിശ്വാസമാണ്.

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْئًا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُولَٰئِكَ هُمُ الْفَاسِقُونَ ﴿النور: ٥٥﴾

- ഏകദൈശ വിശ്വാസം നമുക്ക് നിർഭയത്വം നൽകും.

- ഈ വിശ്വസത്തിലേക്ക് നാം ആളുകളെ ക്ഷണിക്കണം. ക്ഷണിക്കേണ്ടത് പണം നൽകിയോ, അധികാരം വാഗ്ദാനം ചെയ്തോ അല്ല.

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِ ۖ وَهُوَ أَعْلَمُ بِالْمُهْتَدِينَ ﴿النحل: ١٢٥﴾

- വിജ്ഞാനത്തിലൂടെയാണ് പ്രബോധനം, അതല്ലാതെ പ്രേമം നടിച്ചോ, ഭൌതീക സൌകര്യങ്ങൾ നൽകിയോ അല്ല. ഇസ്ലാം അത്തരം ഒരു കാര്യവും പഠിപ്പിക്കുന്നില്ല.
- ഇസ്ലാം ഈ മാർഗങ്ങൾ സ്വീകരിക്കുന്ന എന്ന ആരോപിക്കുന്നവരാണ് മതം സ്വീകരിക്കാൻ ഭൌതീക സൌകര്യങ്ങൾ ഒരുക്കി കൊടുക്കുന്നത് എന്നത് യാഥാർത്ഥ്യമാണ്.

❖ **വിമർശനങ്ങൾക്ക് മറുപടിയുള്ള മതം.**

- ഇസ്ലാമിനെ എതിർക്കുന്നവർ പല ആരോപണങ്ങളും ഉന്നയിക്കാറുണ്ട്.
- **ഉദാഹരണങ്ങൾ;**

1. **ഒരു മുസ്ലിമിന് ഇന്ത്യൻ പട്ടാളത്തിൽ ചേരാൻ പാടില്ലെന്ന് മതം പഠിപ്പിക്കുന്നു.**

- ശുദ്ധമായ കളവാണിത്.
- സ്വന്തം രാജ്യത്തെ സ്നേഹിക്കണം എന്നും ആ രാജ്യത്തിന് വേണ്ടി പോരാടേണ്ടി വന്നാൽ പോരാടണം എന്നുമാണ് ഇസ്ലാം പഠിപ്പിക്കുന്നത്.
- നബി (സ്വ) മദീനയിൽവന്ന സമയത്ത് അവിടെ ഉണ്ടായിരുന്ന ജൂത ക്രൈസ്തവരുമായി ഉണ്ടാക്കിയ കരാർ മദീനയെ ആരെങ്കിലും ആക്രമിക്കാൻ വന്നാൽ അവരെ നാം ഒരുമിച്ച് നേരിടും എന്നതായിരുന്നു.

2. **സ്ത്രീകളെ പരിഗണിക്കാത്ത മതം.**

- ലോകത്ത് സ്ത്രീകൾക്ക് ഏറ്റവും അധികം അവകാശങ്ങളും സ്വതന്ത്ര്യവും നൽകിയ മതമാണ് ഇസ്ലാം.
- ആരാധനകൾക്ക് സ്ത്രീകൾക്ക് അവകാശമുണ്ട്, വിദ്യാഭ്യാസം നേടാൻ, ജോലി ചെയ്യാൻ, വിവാഹ സമയത്ത് ഇണയെ തിരഞ്ഞെടുക്കാൻ, അനന്തര സ്വത്തിന് തുടങ്ങി എല്ലാ മേഖലകളിലും ഇസ്ലാം അവർക്ക് അവകാശം നൽകുന്നുണ്ട്.
- സ്ത്രീകളുമായി ബന്ധപ്പെട്ട് ഇസ്ലാം മുന്നോട്ട് വെച്ച എല്ലാ നിയമങ്ങളും അവരുടെ സുരക്ഷിതത്വത്തിന് വേണ്ടിയാണ് എന്ന് പഠിക്കുമ്പോൾ മനസ്സിലാക്കാം.

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا ﴿النساء: ١﴾

### 3. ആയിശ (റ) വിവാഹം വസ്തുത എന്ത്?

- നബി (സ്വ) വിവാഹങ്ങളുടെ കൂട്ടത്തിലെ ഏറ്റവും വലിയ വിമർശനം ഉന്നയിക്കുന്ന കാര്യമാണ് നബി (സ്വ) യും ആയിശ (റ) തമ്മിലുള്ള വിവാഹം.
- ഏറ്റവും രസകരമായ കാര്യം നിരീശ്വരവാദികൾ ഇത്തരത്തിലുള്ള വിമർശനങ്ങൾ ഉന്നയിക്കുന്നു എന്നുള്ളതാണ്.
- ലൈംഗീക ബന്ധത്തിന് ഉഭയകക്ഷി സമ്മതം മാത്രം മതി എന്നു പറയുന്നവരാണ് നബി (സ്വ) യുടെ ഈ വിവാഹത്തെ എതിർക്കുന്നത്
- സ്വന്തം മാതാവുമായും സഹോദരിയുമായും, മൃഗങ്ങളുമായും, ശവ രതി പോലും ആവാം എന്നു പറയുന്നവർ...
- **നാം അറിയേണ്ടത്...**

1. ആയിശ (റ) വും നബി (സ്വ) യും തമ്മിലുള്ള വിവാഹത്തെ എതിർക്കുന്നവർ നബി (സ്വ) മറ്റു വിവാഹങ്ങള കാണാതെ പോകുന്നു.
2. ഉദാഹരണം: തന്നെക്കാൾ പ്രായമുള്ള ഖദീജ (റ) വിവാഹം കഴിച്ചത്, വിധവകളായ സ്ത്രീകളെ വിവാഹം കഴിച്ചത്.
3. ആയിശ ബിവിക്ക് ആദ്യം വന്ന വിവാഹലോചന നബി (സ്വ) യുടെത് അല്ല, അതിന് മുമ്പ് മറ്റു ചിലർ ആ മഹതിയെ വിവാഹം ആലോചിച്ചിരുന്നു. അപ്പോൾ മനസ്സിലാകുന്നത് ആ കാല ഘട്ടത്തിൽ ആ പ്രായത്തിൽ വിവാഹം നടന്നിരുന്നു എന്നാണ്.
4. നബി (സ്വ) എല്ലാ നിലക്കും വിമർശിച്ചവരാണ് മക്കാ മുശ്രിക്കുകൾ, അവർ നബിയെ സാഹിറാണ്, മജ്നൂനാണ്. എന്നാൽ ആ വിമർശനങ്ങളിൽ എവിടെയും നബി (സ്വ) ചെറിയ പെൺകുട്ടിയെ വിവാഹം കഴിച്ചു എന്നു പറയുന്നില്ല.
5. വിവാഹം കഴിച്ചു കൊടുത്ത പിതാവിനോ, മാതാവിനോ പ്രയാസമുണ്ടായിട്ടില്ല.
6. വിവാഹിതയായ ആയിശ (റ) ക്ക് യാതൊരു പ്രശ്നവും ഇല്ലായിരുന്നു.

**വിവാഹത്തിലെ യുക്തി...**

- അവരിലൂടെയാണ് നബി (സ്വ) കുടുംബ ജീവിതം പഠിപ്പിക്കപ്പെട്ടത്.
- കർമ്മ ശാസ്ത്രത്തിന്റെ നാലിലൊന്ന് അവരിലൂടെയാണ് ഈ ലോകം അറിഞ്ഞത്.

### 4. ഇസ്ലാമിലെ ശിക്ഷാ വിധികൾ ക്രൂരമാണ്.

- ഇസ്ലാം കാടത്തമാണ്, ഇസ്ലാമിലെ ശിക്ഷാ വിധികളും എന്നതാണ് വിമർശകർ ഉന്നയിക്കുന്ന ഒരു ആരോപണം.
- ക്രൂരമാണ് ഇസ്‌ലാമിക ശിക്ഷാനിയമങ്ങളെന്ന് പറയുന്നത് ആ നിയമങ്ങളുടെ അടിത്തറയും അതുണ്ടാക്കാനുദ്ദേശിക്കുന്ന പരിവർത്തനത്തെയും കുറിച്ച് അറിയാത്തതു കൊണ്ടാണ്

- വ്യക്തിക്കും സമൂഹത്തിനും സമാധാനം പ്രദാനം ചെയ്യുകയാണ് ഖുർആനിക നിയമങ്ങളുടെ ലക്ഷ്യം.
- വ്യക്തികൾക്ക് ചില അവകാശങ്ങളുണ്ട്. ഈ അവകാശങ്ങൾ അന്യോന്യം അനുവദിച്ചുകൊടുക്കുക വഴിയാണ് സാമൂഹികമായ ജീവിതം സാധ്യമാകുന്നത്.
- ഒരാളുടെയും അവകാശങ്ങൾ ഹനിക്കുവാൻ മറ്റൊരാളെയും അനുവദിച്ചുകൂടാ. ആരുടെയെങ്കിലും അവകാശങ്ങൾ ഹനിക്കപ്പെടുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതും ഉണ്ടെങ്കിൽ അത് ഇല്ലാതെയാക്കേണ്ടതും രാഷ്ട്രത്തിന്റെ ബാധ്യതയാണ്. ഇതിനു വേണ്ടിയാണ് ശിക്ഷാനിയമങ്ങൾ നടപ്പിലാക്കുന്നത്.
- നേരായ മാർഗത്തിലൂടെ ചലിക്കുവാൻ വ്യക്തിയെ പ്രചോദിപ്പിക്കുകയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങളുടെ ലക്ഷ്യം.
- ഒരു ശിക്ഷാനിയമം പ്രായോഗികമാണെന്ന് പറയാനാവുക അത് താഴെ പറയുന്ന ഗുണങ്ങൾ പ്രകടിപ്പിക്കുമ്പോഴാണ്.

1. ചെയ്ത തെറ്റിനുള്ള പ്രതികാരമാവുക.
2. തെറ്റുകളെ തടയാൻ കഴിയുക.
3. കുറ്റവാളികളെ ഭയപ്പെടുത്താനാവുക.
4. കുറ്റം വഴി പ്രയാസമനുഭവിക്കേണ്ടിവന്നവർക്ക് സങ്കടനിവൃത്തി വരുത്തുന്നതാവുക.
5. കുറ്റവാളിയെ സംസ്കരിക്കുന്നതാവുക.
6. കുറ്റം വഴി നഷ്ടം നേരിട്ടവർക്ക് പരിഹാരം നൽകുന്നതാവുക.
7. കുറ്റവാളിയെ പാശ്ചാത്താപ വിവശനാക്കുന്നതാവുക.
8. സമൂഹത്തെ കുറ്റങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാവുക.

- ഇവയിൽ ഒന്ന് പോലും ആധുനികാശിക്ഷാനിയമങ്ങൾ പൂർത്തീകരിക്കുന്നില്ല. അതുകൊണ്ട് തന്നെയാണ് ആധുനിക ജനാധിപത്യം നില നിൽക്കുന്ന നാടുകളിൽ കുറ്റകൃത്യങ്ങൾ വര്ധിച്ചുകൊണ്ടേയിരിക്കുന്നത്.
- ഇസ്‌ലാമിക നിയമങ്ങൾ നിലനിൽക്കുന്ന നാടുകളിലാണ് കുറ്റകൃത്യങ്ങൾ കുറവെന്ന വസ്തുത എല്ലാവരും അംഗീകരിക്കുന്നതാണ്. ഇസ്‌ലാമിലെ ഏതു ശിക്ഷാനിയമമെടുത്താലും ഈ ധർമങ്ങൾ അവ നിർവഹിക്കുന്നതായി കാണാൻ കഴിയും.
- അതാണ് ഇസ്‌ലാമിക ശിക്ഷാനിയമങ്ങളുടെ പ്രായോഗികതയും പ്രസക്തിയും.

### ❖ നാം കാരണക്കാരാണോ?

ഇസ്ലാമിനെ മറ്റുള്ളവർ എതിർക്കാൻ നാം കാരണക്കാരാവുന്നുണ്ടോ എന്നു സ്വയം ഓരോ വിശ്വാസിയും പരിശോധിക്കണം.

قال شيخ الإسلام رحمه الله:من أسباب تسلط العدو على ديار المسلمين، ظهور الإلحاد والنفاق والبدع.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ (റഹി) പറഞ്ഞു: മുസ്‌ലിമീങ്ങളുടെ മേൽ ശത്രുക്കൾ ആധിപത്യം നേടാനുള്ള കാരണങ്ങളിൽ പെട്ടതാണ് മതനിഷേധവും കപടതയും ബിദ്അത്തുകളുമെല്ലാം മുസ്‌ലിമീങ്ങളിൽ സംഭവിക്കൽ. (മജ്മൂഉൽ ഫതാവാ)

قال شيخ الإسلام رحمه الله: وإذا كان في المسلمين ضعفاً وكان عدوهم مستظهراً عليهم ، كان ذلك بسبب ذنوبهم وخطاياهم.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ (റഹി) പറഞ്ഞു: മുസ്‌ലിമീങ്ങളിൽ ബലഹീനത ഉണ്ടായിക്കഴിഞ്ഞാൽ, അവരുടെ ശത്രുക്കൾ അവരെ കീഴടക്കുന്നവരാകും. അവരുടെ തെറ്റിന്റെയും, പാപത്തിന്റെയും കാരണം കൊണ്ടാണ് അങ്ങനെയായത്. (മജ്മൂഉൽ ഫതാവാ)

**നബി (സ്വ) പഠിപ്പിച്ചു.**

عَنِ ابْنِ عُمَرَ، قَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ: إِذَا تَبَايَعْتُمْ بِالْعِينَةِ وَأَخَذْتُمْ أَذْنَابَ الْبَقَرِ وَرَضِيتُمْ بِالزَّرْعِ وَتَرَكْتُمُ الْجِهَادَ سَلَّطَ اللَّهُ عَلَيْكُمْ ذُلاًّ لاَ يَنْزِعُهُ حَتَّى تَرْجِعُوا إِلَى دِينِكُمْ

ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:നിങ്ങൾ ഈനത് (പലിശ) കച്ചവടം നടത്തുകയും, കന്നുകാലികളുടെ വാൽ പിടിക്കുകയും (ദുൻയാവിന്റെ ചിന്തയിൽ മാത്രം കഴിഞ്ഞുകൂടുകയും), കൃഷിയിൽ നിങ്ങൾ തൃപ്തരാവുകയും അല്ലാഹുവിന്റെ മാർഗത്തിലുള്ള ത്യാഗസമരം നിങ്ങൾ ഒഴിവാക്കുകയും ചെയ്താൽ; അല്ലാഹു നിങ്ങളുടെ മേൽ നിന്ദ്യത വരുത്തി വെക്കും. നിങ്ങളുടെ ദീനിലേക്ക് തിരിച്ച് പോകുന്നത് വരെ അല്ലാഹു അത് നിങ്ങളുടെ മേൽ നിന്ന് എടുത്തുമാറ്റില്ല. (അബൂദാവൂദ്)

**വിശ്വാസികളായാൽ പ്രതാപമുള്ളവർ നാം തന്നെ...**

وَلَا تَهِنُوا وَلَا تَحْزَنُوا وَأَنتُمُ الْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ ﴿آل عمران: ١٣٩﴾

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+ൻ്റന്നന്നദ്ദംനഉൊഉഉനൾം) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.